# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7198 11.07.2014 ൽ മറുപടിക്ക്

## വിലക്കയറ്റം

**ചോദ്യം**
ശ്രീ. എ.കെ.ബാലൻ
ശ്രീ.കെ.രാധാകൃഷ്ണൻ
ശ്രീ.പി.റ്റി.എ.റഹീം
ശ്രീമതി പി.അയിഷാപോറ്റി

**ഉത്തരം**
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | റെയിൽവെ കടത്തുകൂലി വർദ്ധിപ്പിച്ചത് മൂലം ജനജീവിതം കൂടുതൽ ദുസ്സഹമാകത്തക്കവണ്ണം സംസ്ഥാനത്ത് അവശ്യ വസ്തുക്കളുടെ വിലനിലവാരത്തിൽ ഉണ്ടായ വൻ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പെട്രോളിയം ഉൽപന്നങ്ങൾക്ക് അടിക്കടി വിലവർദ്ധിപ്പിക്കുന്ന തീരുമാനം കാര്യങ്ങൾ കൂടുതൽ രൂക്ഷമാകുന്നതിന് കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (ബി) & (സി) | ഇന്ധനവില വർദ്ധനവ് മൂലം സപ്ലൈകോ ഡിപ്പോകളിൽ നിന്നും വില്പന ശാലകളിലേക്ക് അവശ്യ സാധനങ്ങൾ എത്തിക്കുന്നതിനായി സപ്ലൈകോ വക വണ്ടികൾക്ക് കൂടുതൽ ഇന്ധന ചെലവും മറ്റു വണ്ടികൾക്ക് കൂടുതൽ വാടകയും നൽകേണ്ടി വരുന്നുണ്ട്. എന്നിരുന്നാലും സപ്ലൈകോ അവശ്യവസ്തുക്കളിൽ മേലുള്ള ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് നിലനിർത്തി വില വർദ്ധന സാധാരണ ജനങ്ങളെ ബാധിക്കാത്തതരത്തിൽ അവശ്യവസ്തുക്കൾ കോർപ്പറേഷന്റെ വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു.<br>വിപണിയിലുണ്ടാകുന്ന വില വർദ്ധന പിടിച്ചുനിർത്തുന്നതിനും അതു വഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.<br>1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യ |
| (സി) | ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ഈ ഗുരുതരമായ സാഹചര്യം നേരിടുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br>പ്രസ്തുത സാഹചര്യം നേരിടുന്നതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; | | |

സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റുവരുന്നു.

| ക്രമനമ്പർ | ഇനം | നിലവിലെ വില കി.ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 55.00 |
| 2 | ഉഴുന്ന് (ഹോൾ) | 42.00 |
| 3 | വൻകടല | 45.00 |
| 4 | വൻപയർ | 35.00 |
| 5 | തുവരപ്പരിപ്പ് | 45.00 |
| 6 | മുളക് | 55.00 |
| 7 | മല്ലി | 60.00 |
| 8 | പഞ്ചസാര | 26.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 21.00 |
| 11 | മട്ട അരി | 21.00 |
| 12 | പച്ചരി സോർട്ടക്സ് | 21.00 |
| 13 | വെളിച്ചെണ്ണ (ലിറ്ററിന് ) | 62.00 |

2.പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, പച്ചരി, ജയ അരി, കുറുവ അരി) എന്നിവ കി.ഗ്രാമിന് 21 രൂപ നിരക്കിൽ പ്രതിമാസം കാർഡ് 1ന് 5 കി.ഗ്രാം വീതം വിതരണം ചെയ്തു വരുന്നു.

3. കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി/ തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. പിന്നോക്ക

പ്രദേശങ്ങളിൽ നിത്യോപയോഗ സാധന ങ്ങളുടെ വിതരണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനായി 10 പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ 2014 മാർച്ച് മാസം മുതൽ പ്രവർത്തന മാരംഭിച്ചിട്ടുണ്ട്.

4.യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യു.

5. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പന ശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 15 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

6. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 10 മുതൽ 20% ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താ വിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

7)പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപ്പൊടി, പുട്ടുപ്പൊടി എന്നിവ "ശബരി" എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

8)ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.

9)പൊതു വിപണിയേക്കാൾ ഏകദേശം 60% വില കുറച്ച് പ്രതിമാസം കാർഡ് ഒന്നിന് 1 ലിറ്റർ വെളിച്ചെണ്ണ ലിറ്ററിന് 62 രൂപ നിരക്കിൽ വിറ്റ് ഉപഭോക്താക്കൾക്ക് വിലക്കയറ്റം മൂലമുള്ള ഭാരം കുറയ്ക്കുന്നു.

10)സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത, '57' പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി പുരോഗമിച്ചുവരുന്നു.

11) കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിൻറെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി നടന്നുവരുന്നു.

12) ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാസാധനങ്ങളും QC കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമെ വില്പനക്ക് വയ്ക്കുകയുള്ളു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്.

| | | | |
|---|---|---|---|
| **(ഡി)** | കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും അടിയന്തര നടപടി | **(ഡി)** | കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യ സാധനങ്ങളുടെ വിലവർദ്ധിപ്പിക്കൽ നടത്താനിടയുള്ള സാഹചര്യങ്ങളെ മുൻകൂട്ടികണ്ട് അതിനെതിരെ കർശന നടപടി സ്വീകരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് ജാഗരുകരായി പ്രവർത്തിക്കുന്നു. |

5

സ്വീകരിക്കുമോ ?

സംസ്ഥാനത്തെ റേഷൻ മൊത്ത ചില്ലറ വ്യാപാര ഡിപ്പോകളിലെ പരിശോധന ഊർജ്ജിതമാക്കുന്നതിനായി സംസ്ഥാന തലത്തിൽ വിജിലൻസ് ആഫീസറുടെ നേതൃത്വത്തിലും ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും റേഷനിംഗ് ഇൻസ്പെക്ടർമാരും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരുകയും ചെയ്യുന്നു. ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

റേഷൻ സാധനങ്ങളുടെ നീക്കം നിരീക്ഷിക്കുക, കരിഞ്ചന്ത തടയുക, എഫ്.സി.ഐയിൽനിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള ആഗ്രഹത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി Web അടിസ്ഥാനമാക്കിയ SMS അലർട്ട് FMPDS ( Food Grain Movement for Effective Public Distribution System) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എഫ്.സി.ഐ മുതൽ എ.ആർ.ഡി വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ഇവയെല്ലാം തന്നെ കരിഞ്ചന്ത തടയുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നു.

Beena

സെക്ഷൻ ഓഫീസർ

&